REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 13-10-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- രാഷ്ട്രപതി ദ്രൗപതി മുർമു മൂന്ന് ആഫ്രിക്കൻ രാജ്യങ്ങളിലെ ഒരാഴ്ചത്തെ പര്യടനത്തിന് ഇന്ന് യാത്ര തിരിക്കും.
- ഇന്ന് വിജയദശമി. ക്ഷേത്രങ്ങളിലും സാംസ്കാരിക കേന്ദ്രങ്ങളിലും വിദ്യാരംഭചടങ്ങുകൾ ആരംഭിച്ചു.
- പ്രധാൻമന്ത്രി ഇന്റേൺഷിപ്പ് പദ്ധതിയ്ക്ക് ഓൺലൈൻ പോർട്ടലിൽ രജിസ്ട്രേഷൻ ആരംഭിച്ചു.
- സംസ്ഥാനത്ത് ബുധനാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്.
- ബംഗ്ലാദേശിനെതിരായ മൂന്നാമത്തെയും അവസാനത്തെയും ട്വന്റി-20 ക്രിക്കറ്റ് മത്സരവും ഇന്ത്യ സ്വന്തമാക്കി.

## വാർത്തകൾ വിശദമായി

**രാഷ്ട്രപതി ദ്രൗപതി മുർമു മൂന്ന് ആഫ്രിക്കൻ രാജ്യങ്ങളിലെ ഒരാഴ്ചത്തെ പര്യടനത്തിന് ഇന്ന് യാത്ര തിരിക്കും. അൾജീരിയ, മൗറിറ്റാനിയ, മലാവി എന്നീ രാജ്യങ്ങളാണ് അവർ സന്ദർശിക്കുന്നത്.**

**രാഷ്ട്രപതിയെ അനുഗമിക്കുന്ന മാധ്യമ സംഘത്തിൽ നിന്ന് A.M മയൂഷ.**

**............(വോയ്സ്)......................**

✪✪✪

പ്രധാൻമന്ത്രി ഇന്റേൺഷിപ്പ് പദ്ധതിയ്ക്ക് ഓൺലൈൻ പോർട്ടലിൽ രജിസ്ട്രേഷൻ ആരംഭിച്ചു. ഇന്നലെ വൈകിട്ട് തുടങ്ങിയ രജിസ്ട്രേഷൻ ഈ മാസം 25 വരെ തുടരും. നടപ്പു സാമ്പത്തിക വർഷം ഒന്നേ കാൽ ലക്ഷം യുവജനങ്ങൾക്ക് പ്രമുഖ കമ്പനികളിൽ ഇന്റേൺഷിപ്പ് അവസരങ്ങളൊരുക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ഇന്റേണുകൾക്ക് 5,000 രൂപ പ്രതിമാസ സാമ്പത്തിക സഹായവും, 6,000 രൂപ ഒറ്റത്തവണ ഗ്രാൻഡും നൽകും. 193 കമ്പനികൾ ഇതിനകം 91,000 ത്തിലേറെ ഇന്റേൺഷിപ്പ് അവസരങ്ങൾ പോർട്ടലിൽ വാഗ്ദാനം ചെയ്തിട്ടുണ്ട്. 24 മേഖലകളിലാണ് ഇന്റേൺഷിപ്പ് അവസരം. 21 നും 24 നുമിടയിൽ പ്രായക്കാരായ ഉദ്യോഗാർത്ഥികൾക്ക് ഇന്റേൺഷിപ്പിന് അപേക്ഷിക്കാം.

✪✪✪

നൂറാം വർഷത്തിലേക്ക് പ്രവേശിക്കുന്ന രാഷ്ട്രീയ സ്വയംസേവക് സംഘത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസകൾ നേർന്നു. 1925 ലെ വിജയദശമി ദിനത്തിലാണ് നാഗ്പൂരിൽ ഡോ. കേശവ് ബലിറാം ഹെഡ്ഗെവാർ RSS ന് തുടക്കമിട്ടത്. ചരിത്രപരമായ നാഴികക്കല്ല് പിന്നിടുന്ന പ്രസ്ഥാനത്തിലെ സന്നദ്ധ പ്രവർത്തകരെ പ്രധാനമന്ത്രി സാമൂഹ്യമാധ്യമ പോസ്റ്റിൽ അനുമോദിച്ചു.

✪✪✪

ഇന്ന് വിജയദശമി. ദുർഗ്ഗാപൂജയ്ക്കും നവരാത്രി ആഘോഷങ്ങൾക്കും സമാപനം കുറിയ്ക്കുന്ന വിജയദശമി, തിൻമയ്ക്ക് മേൽ നന്മ നേടിയ വിജയത്തിന്റെ പ്രതീകമായാണ് ആഘോഷിക്കുന്നത്. മഹിഷാസുര നിഗ്രഹം പൂർത്തീകരിച്ച ദുർഗ്ഗാദേവിയുടെ വിജയവും ശ്രീരാമന്റെ രാവണ വധവും വിജയദശമിയുടെ ഐതീഹ്യങ്ങളാണ്.

ഡെസ്ക്ക് റിപ്പോർട്ട്

.......(വോയ്സ്).......

തെക്കെ ഇന്ത്യയിൽ വിജയദശമി വിദ്യാരംഭ ദിനം കൂടിയാണ്. കേരളത്തിലെ ക്ഷേത്രങ്ങളിലും സാംസ്കാരിക കേന്ദ്രങ്ങളിലും കുഞ്ഞുങ്ങളെ അക്ഷരലോകത്തേക്ക് നയിക്കുന്ന വിദ്യാരംഭ ചടങ്ങുകൾ ആരംഭിച്ചു കഴിഞ്ഞു.

ദക്ഷിണ മൂകാംബിക എന്ന് വിശേഷിപ്പിക്കുന്ന കോട്ടയം പനച്ചിക്കാട് സരസ്വതി ക്ഷേത്രം, ചോറ്റാനിക്കര ദേവി ക്ഷേത്രം, തിരൂർ തുഞ്ചൻപറമ്പ്, പെരിന്തൽമണ്ണ പൂന്താനം ഇല്ലം, ലക്കിടി കിള്ളിക്കുറിശ്ശി

മംഗലം കുഞ്ചൻ സ്മാരകം, ചിറ്റൂർ തുഞ്ചൻ മഠം, തൃശൂർ ചേർപ്പ് തിരുവുള്ളക്കാവ് എന്നിവിടങ്ങളിലെല്ലാം എഴുത്തിനിരുത്ത് ആരംഭിച്ചു. വിദ്യാരംഭ വേദികളിൽ വൻ തിരക്കാണ് അനുഭവപ്പെടുന്നതെന്ന് ആകാശവാണി പ്രതിനിധികൾ റിപ്പോർട്ട് ചെയ്യുന്നു.

✪✪✪

തിരൂർ തുഞ്ചൻ പറമ്പിൽ നിന്ന് മലപ്പുറം പ്രതിനിധി M സുരേഷ് ബാബുവിന്റെ റിപ്പോർട്ട്.

.....(വോയ്സ്)............

✪✪✪

എറണാകുളം ജില്ലയിലെ ചോറ്റാനിക്കര, പറവൂർ ദക്ഷിണ മൂകാംബിക ഉൾപ്പെടെ ക്ഷേത്രങ്ങളിലും കുരുന്നുകളുടെ എഴുത്തിനിരുത്ത് പുലർച്ചെ തുടങ്ങി.

കണ്ണൂരിലെ ക്ഷേത്രങ്ങളിലും പുലർച്ചെ മുതൽ വിദ്യാരംഭ ചടങ്ങുകൾ ആരംഭിച്ചു. പള്ളിക്കുന്ന് മൂകാംബിക ക്ഷേത്രത്തിൽ ഒട്ടേറെ കുട്ടികൾ വിദ്യാരംഭത്തിനെത്തി.

കണ്ണൂർ APJ അബ്ദുൾ കലാം ലൈബ്രറിയിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയരക്ടർ പള്ളിയറ ശ്രീധരൻ എന്നിവർ രാവിലെ എഴുത്തിനിരുത്തിന് നേതൃത്വം നൽകും.

കണ്ണൂർ കോർപ്പറേഷൻ സംഘടിപ്പിച്ച കണ്ണൂർ ദസറ സമാപിച്ചു. ജാതി, മത, സാഹോദര്യവും ഹൃദയബന്ധങ്ങളും ഊട്ടി ഉറപ്പിക്കാൻ കണ്ണൂർ ദസറയ്ക്ക് കഴിഞ്ഞുവെന്ന് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു.

✪✪✪

ചെന്നൈയ്ക്ക് സമീപം കവരപ്പേട്ടൈയിൽ അപകടത്തെ തുടർന്ന് തടസ്സപ്പെട്ട ട്രെയിൻഗതാഗതം പുനഃരാരംഭിച്ചു. അപകടത്തിനു ശേഷം 24 മണിക്കൂറിനുള്ളിൽ തന്നെ ഗതാഗതം പുനഃസ്ഥാപിക്കാൻ കഴിഞ്ഞതായി റെയിൽവെ അറിയിച്ചു. അപകടത്തെ തുടർന്ന് റദ്ദാക്കിയ സർവീസുകളും തിരിച്ചുവിട്ട ട്രെയിനുകളും ഇതേ റൂട്ടിൽ തന്നെ ഓടുമെന്ന് അറിയിപ്പിൽ പറയുന്നു.

മൈസൂരു-ദർഭംഗ എക്സ്പ്രസ്സും ചരക്ക് ട്രെയിനും കൂട്ടിയിടിച്ചായിരുന്നു അപകടം. സംഭവത്തെപ്പറ്റി ദേശീയ അന്വേഷണ ഏജൻസിയും

റെയിൽവെയും അന്വേഷണം ആരംഭിച്ചിട്ടുണ്ട്. അപകടത്തിനു പിന്നിലെ അട്ടിമറി സാധ്യത കേന്ദ്രീകരിച്ചാണ് അന്വേഷണം.

✪✪✪

സംസ്ഥാനത്ത് ബുധനാഴ്ച്ച വരെ ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശമുണ്ട്.

തെക്കൻ കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മീൻപിടുത്തത്തിന് പോകാൻ പാടില്ലെന്നും മുന്നറിയിപ്പിൽ പറയുന്നു.

✪✪✪

കണ്ണൂർ പഴയങ്ങാടിക്കടുത്ത് ചൂട്ടാട് ബീച്ചിൽ മീൻപിടുത്ത തോണി മറിഞ്ഞ് കടലിലകപ്പെട്ട മൂന്ന് അതിഥി തൊഴിലാളികളെ രക്ഷപ്പെടുത്തി. ബീച്ചിലെ അഴിമുഖത്താണ് അപകടമുണ്ടായത്. ബോട്ട് ഡ്രൈവർ അഴിമുഖത്തെ പുലിമുട്ടിൽ പിടിച്ച് രക്ഷപ്പെടുകയായിരുന്നു. രണ്ടു പേരെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ലൈഫ് ഗാർഡ് അനീഷ് ആണ് രക്ഷപ്പെടുത്തിയത്.

✪✪✪

ബംഗ്ലാദേശിനെതിരായ മൂന്നാമത്തെയും അവസാനത്തെയും ട്വന്റി-20 ക്രിക്കറ്റ് മത്സരവും ഇന്ത്യ സ്വന്തമാക്കി. ഇതോടെ മൂന്ന് മത്സരങ്ങളും വിജയിച്ച് ഇന്ത്യ പരമ്പര തൂത്തുവാരി. ഹൈദരാബാദിൽ ഇന്നലെ ബംഗ്ലാദേശിനെ 133 റൺസിനാണ് ഇന്ത്യ തോൽപ്പിച്ചത്.

✪✪✪

വനിതാ ട്വന്റി-20 ലോകകപ്പിൽ ദക്ഷിണാഫ്രിക്ക ഗ്രൂപ്പ് B മത്സരത്തിൽ ബംഗ്ലാദേശിനെ തോൽപ്പിച്ചു. ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് ഗ്രൗണ്ടിൽ ഏഴു വിക്കറ്റിനാണ് ബംഗ്ലാദേശിന്റെ പരാജയം. ഇതോടെ പോയിന്റു പട്ടികയിൽ ദക്ഷിണാഫ്രിക്ക ഒന്നാം സ്ഥാനത്തെത്തി.

ഇന്ന് ഇംഗ്ലണ്ട്, ഗ്രൂപ്പ് B മാച്ചിൽ ഷാർജയിൽ സ്കോട്ട്ലൻഡിനെ നേരിടും. ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് മൂന്നരയ്ക്കാണ് മത്സരം.

✪✪✪

സൂപ്പർലീഗ് കേരള ഫുട്ബോളിൽ കലിക്കറ്റ് FC, മലപ്പുറം FC യെ തോൽപ്പിച്ചു. കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ

മലപ്പുറത്തെ ഒന്നിനെതിരെ രണ്ട് ഗോളിനാണ് കലിക്കറ്റ് തോൽപ്പിച്ചത്. ഇതോടെ ഏഴ് കളികളിൽ നിന്ന് 13 പോയിന്റുമായി കലിക്കറ്റ് പട്ടികയിൽ ഒന്നാം സ്ഥാനത്തെത്തി. ഇന്ന് ഫോഴ്സ കൊച്ചി, കണ്ണൂർ വാരിയേഴ്സിനെ നേരിടും. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് കിക്കോഫ്.

✪✪✪

കായിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് മദ്യത്തിനും മയക്കുമരുന്നിനും എതിരായ പ്രവർത്തനമാണെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി തൃത്താലയിൽ മിനി സ്റ്റേഡിയം നവീകരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. യുവതലമുറയെ ശരിയായ ദിശയിൽ കൊണ്ടുവരികയാണ് സ്റ്റേഡിയം, ഓപ്പൺ ജിം എന്നിവയിലൂടെ ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു.

✪✪✪

ഇരുപത്തെട്ടാം ഓണത്തിന്റെ ഭാഗമായി ഓച്ചിറ പടനിലത്ത് സംഘടിപ്പിച്ച കാളകെട്ടുത്സവം ഓണാട്ടുകരയുടെ ആവേശമായി.

കൊല്ലം പ്രതിനിധി നീരജ് ലാലിന്റെ റിപ്പോർട്ട്.

...............(വോയ്സ്)..........

✪✪✪

ശബരിമല ദർശനത്തിന് സ്പോട്ട് ബുക്കിങ് നിറുത്തലാക്കിയ ദേവസ്വം ബോർഡ് നടപടിക്കെതിരെ പ്രതിഷേധം ശക്തമാക്കാൻ ഹൈന്ദവ സംഘടനകളുടെ സംയുക്ത യോഗം 26 ന് പന്തളത്ത് ചേരും. സമരപരിപാടികൾക്കൊപ്പം ബോധവത്കരണവും നടത്തും. ആചാര സംരക്ഷണ സമിതി, അയ്യപ്പ സേവാസംഘം, അയ്യപ്പസേവാ സമാജം തുടങ്ങിയ സംഘടനകളുടെ നേതാക്കളാണ് സംയുക്ത യോഗം വിളിച്ചത്.

സ്പോട്ട്ബുക്കിംഗ് പുനരാരംഭിക്കണമെന്ന് CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വവും ആവശ്യപ്പെട്ടു. CPIM പത്തനംതിട്ട ജില്ലാ കമ്മിറ്റിയും ഇതേ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

✪✪✪